# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2085** — **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസ് ബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര പേർക്ക് ഇതിനകം കൊറോണ വൈറസ് ബാധ മൂലമുള്ള രോഗം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്ര പേർ നിരീക്ഷണത്തിലുണ്ടെന്നും അറിയിക്കാമോ; എത്ര പേരുടെ രക്തസാമ്പിളുകൾ പൂനെ വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 3 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. വീട്ടുകളിൽ 3218 പേരും ആശുപത്രികളിൽ 34 പേരും ഉൾപ്പെടെ 3252 പേർ 09.02.2020 വരെ സംസ്ഥാനത്ത് നിരീക്ഷണത്തിൽ ഉണ്ട്.<br>345 സാമ്പിളുകൾ സ്ഥിരീകരണത്തിന് അയച്ചു. |
| ബി) | രോഗപ്രതിരോധത്തിനായി സർക്കാർ നൽകുന്ന പൊതു നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | ബി) | ചൈനയിൽ നിന്നും മറ്റ് രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തിയ യാത്രക്കാരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ വീട്ടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാകാത്ത രീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു. രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നവർ പൊതുസ്ഥലങ്ങളിൽ പോകുവാനോ പൊതു ചടങ്ങുകളിൽ പങ്കെടുക്കുന്നതിനോ, പൊതുവായ യാത്രാ മാധ്യമങ്ങൾ ഉപയോഗിക്കാനോ പാടില്ല എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന യാത്രികരെ ഗവ.മെഡിക്കൽ കോളേജുകളിലും, ജില്ലാ ജനറൽ ആശുപത്രികളിലും സജ്ജീകരിച്ചിരിക്കുന്ന ഐസൊലേഷൻ റൂമുകളിൽ ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തിശുചിത്വം, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും പൊത്തുന്നതിനും കൈകൾ കൂടെക്കൂടെ വൃത്തിയായി കഴുകുന്നതിനും വേണ്ട |

ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ആരോഗ്യ വകുപ്പ് , ടൂറിസം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും, ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിഗത സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

**സി)** സംസ്ഥാനം കൈക്കൊണ്ട സുരക്ഷാക്രമീകരണങ്ങളിൽ കേന്ദ്രസംഘം സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

**സി)** 2020 ജനുവരി 27-ാം തീയതി കേന്ദ്രസംഘം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളും സന്ദർശിച്ച് കൊറോണ രോഗബാധയ്ക്ക് എതിരെയുള്ള തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തിയിരുന്നു. National Disaster Management Authority-യുടെ ടീം 07.02.2020 ന് സംസ്ഥാന കൺട്രോൾ റൂമും ആശുപത്രിയും സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ